**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2913** **25-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെ വെടിവച്ചു കൊല്ലാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വിളകൾ നശിപ്പിയ്ക്കുന്ന പന്നികളുടെ അനിയന്ത്രിതമായ വംശ വർദ്ധനവ് ഉയർത്തുന്ന ഭീഷണി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | ഇവയെ വെടിവെച്ച് കൊല്ലുന്നതിന് അനുമതിയുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് അനുമതിയുണ്ട്. ഇക്കാര്യത്തിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യ ജീവനും സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ മാസവും കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനം തൊട്ടടുത്ത റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.<br><br>ജനജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും, ജഡം യഥാവിധി സംസ്കരിക്കുന്ന-തിലും മേൽ പ്രസ്താവിച്ച അധികാര സ്ഥാനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെ-ങ്കിൽ ഉപയോഗിക്കാവുന്നതാണ്.<br><br>മേൽ പ്രകാരം ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ്‌ലൈഫ് വാർഡൻ / അധികാരപ്പെട്ട ഉദ്യോഗസ്ഥന്, അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീ-വികൾ, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്കേൽപ്പി-ക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവു-ന്നതാണ്. ബന്ധപ്പെട്ട ഉത്തരവുകളിൽ പരാമർശിച്ചി-രിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടു-ന്നുവെന്ന് അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പാ-ക്കേണ്ടതാണ്.<br><br>കാട്ടുപന്നികളുടെ ജഡം യഥാവിധി സംസ്കരിക്കുന്ന-തിന്റെ വീഡിയോ, ഫോട്ടോ എന്നിവ എടുത്ത് സൂക്ഷിക്കുന്നത് ഉചിതമായിരിക്കും. ജനവാസ മേഖല-കളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുവാൻ അനുമതി നൽകുന്ന അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഓരോ മാസവും ഇത്തരത്തിൽ അനുമതി നൽകിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രതിമാസ റിപ്പോർട്ട് ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസ-ർമാർക്ക് നൽകുന്നത് ഈ വിഷയത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിന് സഹായകരമാ-യിരിക്കും. ഇത് സംബന്ധമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻ ആവശ്യപ്പെ-ടുന്നപക്ഷം പരിശോധനകൾക്കായി ഹാജരാക്കേ-ണ്ടതാണ്. |
| (സി) | കൃഷി സംരക്ഷണത്തിനൊരുക്കുന്ന കുരുക്കിൽപ്പെട്ട് പന്നികൾ കൊല്ലപ്പെടുന്ന സാഹചര്യത്തിൽ കൃഷി സ്ഥലത്തിന്റെ ഉടമക്കെതിരെ കേസെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കർഷകർക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ വ്യവസ്ഥകളിൽ ഇളവ് നൽകാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ 2(16)(b) പ്രകാരം വന്യമൃഗ സാന്നിധ്യമുള്ള പ്രദേശങ്ങളിൽ കുരുക്കോ കെണിയോ വയ്ക്കുന്നത് നായാട്ടിന്റെ വ്യക്തമായ നിർവചനത്തിൽ ഉൾപ്പെടുന്ന പ്രവൃത്തിയാണ്. ആയതിനാൽ അത്തരം പ്രവൃത്തിയ്ക്ക് നിയമ നടപടി സ്വീകരിക്കാൻ വനപാലകർ ബാദ്ധ്യസ്ഥരാണ്. ബന്ധപ്പെട്ട തദ്ദേശ-സ്വയംഭരണ സ്ഥാപനത്തിലെ ഓണററി വൈൽഡ്‌ലൈഫ് വാർഡന്റെ / അധികാ-രപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതി ഉത്തരവ് വാങ്ങി ജനവാസമേഖലയിൽ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന അക്രമകാരികളായ കാട്ടു |

| | | | |
|---|---|---|---|
| | | | പന്നികളെ കുരുക്കിട്ട് പിടികൂടി കൊല്ലുന്നതിന് തടസ്സമില്ല. അപ്രകാരമുള്ള അനുമതിയില്ലാതെ കുരുക്കോ കെണിയോ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ്. |

സെക്ഷൻ ഓഫീസർ